"ഭരണഭാഷ– മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - ചുനക്കര ഗ്രാമപഞ്ചായത്തിലെ കൊച്ചയ്യത്ത് ലക്ഷം വീട്ടിൽ ശ്രീ കുഞ്ഞുമോൻ എന്ന വ്യക്തിക്ക് ടിയാന്റെ കുടുംബ സാഹചര്യവും ആരോഗ്യ സ്ഥിതിയും പരിഗണിച്ച് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീടും വസ്തുവും നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1787/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 19/08/2019

പരാമർശം:- 1 ചുനക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.02.2019 തീയതിയിലെ സി.1/1568/18 നമ്പർ കത്ത്.

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 21.03.2019 തീയതിയിലെ 4492/2019/ലൈഫ് നമ്പർ കത്ത്.

<u>ഉത്തരവ്</u>

ചുനക്കര ഗ്രാമപഞ്ചായത്തിലെ കൊച്ചയ്യത്ത് ലക്ഷം വീട്ടിൽ ശ്രീ കുഞ്ഞുമോൻ എന്നയാൾക്ക് 2009 - 10 സാമ്പത്തിക വർഷം ഇ.എം.എസ് ഭവന പദ്ധതി പ്രകാരം വീട് അനുവദിച്ച് നൽകിയെങ്കിലും അദ്ദേഹം അത് ചികിത്സയ്ക്കായി വിൽക്കുകയും ഇപ്പോൾ കണ്ണിന് കാഴ്ചശക്തിയില്ലാത്ത ടിയാനും കുടുംബവും കയറിക്കിടക്കാൻ വീടില്ലാത്ത അവസ്ഥയിലാണെന്നും പള്ളിയിൽ നിന്നും സുമനസ്സുകളായ നാട്ടുകാരിൽ നിന്നും ലഭിക്കുന്ന സഹായം കൊണ്ടാണ് ടിയാനും കുടുംബവും ജീവിക്കുന്നതെന്നും ആയത് പരിഗണിച്ച് ടിയാനെ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീടും വസ്തുവും നൽകുന്നതിന് അനുമതി നൽകണമെന്നും ചുനക്കര ഗ്രാമപഞ്ചായത്ത് കമ്മറ്റി അഭ്യർത്ഥിച്ചതായും നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യും ഇത് സംബന്ധിച്ച് അനുകൂല റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായും ലൈഫ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ഒരിക്കൽ ഭവന നിർമ്മാണത്തിന് ആനുകൂല്യം കൈപ്പറ്റിയാൽ പിന്നീട് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകാൻ കഴിയില്ലായെന്ന് വ്യവസ്ഥയുള്ളതിനാൽ ടിയാനെ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീടും വസ്തുവും നൽകുന്നതിന് പ്രത്യേക സർക്കാർ അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരിക്കുന്നു. അപേക്ഷകൻ ഹാജരാക്കിയിട്ടുള്ള ഡോക്ടർ സർട്ടിഫിക്കറ്റ്, ചികിത്സാരേഖകൾ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് തുടങ്ങിയവ അനുഭാവ

File No.LSGD-DB1/95/2019-LSGD

പൂർണമായ നിലപാട് സ്വീകരിക്കുന്നതിലേക്കായി ചുനക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം ലഭ്യമാക്കിയിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശുപാർശയുടേയും ചുനക്കര ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിന്റെയും വെളിച്ചത്തിൽ 2009 - 10 വർഷം ഇ.എം.എസ് ഭവന പദ്ധതിയിൽ വീടനുവദിച്ചെങ്കിലും സാമ്പത്തിക പരാധീനത മൂലം ചികിത്സാ ചെലവിനായി അത് വിൽക്കേണ്ടി വന്ന ചുനക്കര ഗ്രാമപഞ്ചായത്തിലെ കൊച്ചയ്യത്ത് ലക്ഷം വീട്ടിൽ ശ്രീ കുഞ്ഞുമോൻ എന്ന വ്യക്തിക്ക് ടിയാന്റെ കുടുംബസാഹചര്യവും ആരോഗ്യസ്ഥിതിയും പരിഗണിച്ച് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി വീടും വസ്തുവും നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ് :

പഞ്ചായത്ത് ഡയറക്ടർ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

സെക്രട്ടറി,ചുനക്കര ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

ശ്രീ കുഞ്ഞുമോൻ (ചുനക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖാന്തിരം)

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ